പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 7837 — 16. 07. 2014 ൽ മറുപടിക്ക്

"നാളേക്കിത്തിരി ഊർജ്ജം പദ്ധതി"

ചോദ്യം — ഉത്തരം

ശ്രീ. ജോസഫ് വാഴക്കൻ
,, പി.എ. മാധവൻ
,, പാലോട് രവി
,, വി.ഡി. സതീശൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നാളേക്ക് ഇത്തിരി ഊർജ്ജം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ? വിശദമാക്കുമോ? | (എ) | ഉണ്ട്. കെ.എസ്.ഇ.ബി യും എനർജി മാനേജ്മെന്റ് സെന്ററും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കിയ എനർജി സ്മാർട്ട് സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് 2011-12 കാലയളവിൽ "നാളേക്കിത്തിരി ഊർജ്ജം" പദ്ധതി നടപ്പിലാക്കിയത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ? | (ബി) | ഊർജ്ജസംരക്ഷണം പാഠ്യപദ്ധതികളുടെ ഭാഗമാക്കി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പ്രാദേശിക കൂട്ടായ്മകളിലൂടെ ഊർജ്ജസംരക്ഷണം സാദ്ധ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. |
| (സി) | ഏതെല്ലാം തരം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്? | (സി) | കേരളത്തിലെ എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) | ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? | (ഡി) | ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>1. ഊർജ്ജസംരക്ഷണ പദ്ധതികൾ തയ്യാറാക്കൽ<br>2. അദ്ധ്യാപക പരിശീലന പരിപാടികൾ<br>3. പാഠ്യവിഷയങ്ങളിലൂടെ ഊർജ്ജ സംരക്ഷണത്തിൽ പ്രായോഗിക പരിജ്ഞാനം<br>4. ഊർജ്ജസംരക്ഷണ മത്സര പരിപാടികൾ |

സെക്ഷൻ ഓഫീസർ